**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 693** 04.03.2020-ൽ മറുപടിയ്ക്ക്

**അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ രണ്ട് കോളനികളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ; | എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാരന്തോട്, മാടക്കാംപൊയിൽ എന്നീ പട്ടികജാതി കോളനികളെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ എയ്യൻകല്ല്, പട്ടുള്ളവയൽ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കേണ്ട പ്രവർത്തികളുടെ ഡിപിആർ, 15/02/2020 ൽ കൂടിയ ജില്ലാതല പ്രവർത്തക സമിതി അംഗീകരിച്ചിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് എന്നറിയിക്കാമോ? | ബി) | പട്ടികവർഗ്ഗ കോളനികളിൽ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച ഡി.പി.ആർ ജില്ലാതല സമിതി പരിശോധിച്ചതിൽ പിഴവുകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി ഡി.പി.ആർ. ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായതിനാലും, പട്ടികജാതി കോളനികളിൽ ഏജൻസി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലുമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ വൈകിയത്. പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 10 % പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**